# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സണ്ണി എം. സി
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9446561939

പി.ആർ.ഒ/35/239/2016 <u>പത്രക്കുറിപ്പ്</u> 2016 നവംബർ 8

## എം.ജി പി.ജി ഏകജാലകം: ഫൈനൽ അലോട്ട്മെന്റിന്റെ മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവ്വകലാശാല ഏകജാലകം വഴിയുള്ള പി.ജി പ്രവേശനത്തിനുള്ള ഫൈനൽ അലോട്ട്മെന്റിന്റെ മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈനായി സർവ്വകലാശാല അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റ് ഔട്ട് എടുത്ത് യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം നവംബർ 9ന് വൈകുന്നേരം 4 മണിക്കകം അലോട്ട്മെന്റ് ലഭിച്ച കോളജിൽ ഹാജരായി പ്രവേശനം നേടണം. നിശ്ചിത തീയതിയ്ക്കകം ഫീസ് ഒടുക്കാത്തവരുടെയും ഫീസൊടുക്കിയ ശേഷം കോളജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

## കോളജ് അധികൃതരുടെ ശ്രദ്ധയ്ക്ക്

എം.ജി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളജുകളിൽ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശന നടപടികൾ നവംബർ 10ന് മുൻപായി പൂർത്തീകരിക്കണം. പി.ജി പ്രവേശനവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ സർവ്വകലാശാലയുടെ ഓൺലൈൻ അഡ്മിഷൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തണം. നവംബർ 10ന് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

## ക്രമവിരുദ്ധ പ്രവേശനം: എട്ട് കോളജുകളിൽ നിന്നും പിഴ ഈടാക്കും

2016–17 അക്കാദമിക വർഷത്തിൽ ബിരുദ കോഴ്സുകളിൽ ക്രമവിരുദ്ധമായി വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയ എട്ട് അഫിലിയേറ്റഡ് കോളജ് പ്രിൻസിപ്പൽമാരിൽ നിന്നും പിഴ ഈടാക്കാൻ മഹാത്മാ ഗാന്ധി സർവ്വകലാശാല ഉത്തരവിറക്കി. പള്ളം ബിഷപ്പ് സ്പീച്ച്‌ലി കോളജ്, ഉാക്കാട്ടൂർ എം.ജി.എം എൻ.എസ്.എസ് കോളജ്, തൃക്കാക്കര കെ.എം.എം ആർട്സ് ആന്റ് സയൻസ് കോളജ്, കട്ടപ്പന കോളജ് ഓഫ് അപ്ലൈഡ് സയൻസ്, കോട്ടയം ഗുഡ്ഷെപ്പേർഡ് കോളജ്, ഇടുക്കി പാമ്പനാർ ശ്രീനാരായണ ട്രസ്റ്റ് ആർട്സ് ആന്റ് സയൻസ് കോളജ്, പത്തനംതിട്ട കാതോലിക്കേറ്റ് കോളജ്, കാക്കനാട് രാജഗിരി കോളജ് ഓഫ് മാനേജ്മെന്റ് ആന്റ് അപ്ലൈഡ് സയൻസസ് എന്നീ കോളജുകൾക്കാണ് തെറ്റായി വിദ്യാർത്ഥി പ്രവേശനം നടത്തിയതിന് പിഴ ചുമത്തിയത്. ക്രമവിരുദ്ധ പ്രവേശനങ്ങൾ ക്രമപ്പെടുത്തണമെന്നുള്ള മേൽപ്പറഞ്ഞ കോളജുകളുടെ അപേക്ഷകൾ പരിഗണിച്ച സർവ്വകലശാല കേന്ദ്രീകൃത അലോട്ട്മെന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് പിഴ ഈടാക്കി പ്രവേശനം ക്രമവൽക്കരിക്കാൻ തീരുമാനിച്ചത്. ഈ വർഷം ആദ്യമായി ക്രമവിരുദ്ധ വിദ്യാർത്ഥി പ്രവേശനം നടത്തിയ കോളജ് പ്രിൻസിപ്പൽമാർ ഒരു വിദ്യാർത്ഥിക്ക് 25000 രൂപ നിരക്കിലും, കഴിഞ്ഞ വർഷവും തെറ്റായ പ്രവേശനം നടത്തുകയും ഈ വർഷവും ആവർത്തിക്കുകയും ചെയ്ത കോളജുകൾ 50000 രൂപ നിരക്കിലും പിഴയടച്ച് തെറ്റായ പ്രവേശനം ക്രമവൽക്കരിക്കണമെന്നാണ് സർവ്വകലാശാല നിർദ്ദേശം. ഭാവിയിൽ ഇത്തരം പ്രവേശനങ്ങൾ യാതൊരു കാരണവശാലും അംഗീകരിക്കില്ലെന്ന് സർവ്വകലാശാല വ്യക്തമാക്കി.

## പരീക്ഷാ തീയതി

ഒന്നാം സെമസ്റ്റർ ബി.പി.എഡ് (2015 അഡ്മിഷൻ റഗുലർ) ഡിഗ്രി പരീക്ഷകൾ നവംബർ 25ന് ആരംഭിക്കും. അപേക്ഷകൾ പിഴകൂടാതെ നവംബർ 10 വരെയും 50 രൂപ പിഴയോടെ 11 വരെയും 500 രൂപ സൂപ്പർഫൈനോടെ 14 വരെയും സ്വീകരിക്കും.

കോട്ടയം സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ നാലും, ആറും, ഏഴും സെമസ്റ്റർ പഞ്ചവൽസര ബി.എ എൽ.എൽ.ബി (ഓണേഴ്സ് – പഴയ സ്കീം) ഡിഗ്രി മേഴ്സി ചാൻസ് പരീക്ഷകൾ നവംബർ 24 മുതൽ നടത്തും.

## അപേക്ഷാ തീയതി
രണ്ടാം സെമസ്റ്റർ എം.ഫിൽ ബിസിനസ് സ്റ്റഡീസ് ഡിഗ്രി പരീക്ഷകളുടെ പ്രോജക്ട് ഇവാലുവേഷനും വൈവാ വോസിയ്ക്കും പിഴകൂടാതെ നവംബർ 17 വരെയും 50 രൂപ പിഴയോടെ 18 വരെയും 500 രൂപ സൂപ്പർഫൈനോടെ 21 വരെയും അപേക്ഷിക്കാം.

## ഓഫ് കാമ്പസ് മേഴ്സി ചാൻസ് പരീക്ഷ
എം.ജി സർവ്വകലാശാലയുടെ ഓഫ് കാമ്പസ് ബി.എൽ.ഐ.എസ്.സി (പഴയ സ്കീം – 2002 മുതൽ 2004 വരെ അഡ്മിഷൻ) മേഴ്സി ചാൻസ് ഡിഗ്രി പരീക്ഷകൾക്ക് ആദ്യതവണ അപേക്ഷിക്കുന്നവർ 5000 രൂപ സ്പെഷ്യൽ ഫീസായി നിശ്ചിത പരീക്ഷാ ഫീസിനും സി.വി ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം.

## എൽ.എൽ.ബി ക്ലാസുകൾ ഇന്ന് (നവംബർ 9) ആരംഭിക്കും
മഹാത്മാ ഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ 2016–17 അഡ്മിഷൻ ത്രിവൽസര എൽ.എൽ.ബി (4 പി.എം –9പി.എം) ക്ലാസുകൾ ഇന്ന് (നവംബർ 9) ആരംഭിക്കും.

## പരീക്ഷാ ഫലം
2015 ഡിസംബർ, 2016 ജൂൺ മാസങ്ങളിൽ യഥാക്രമം നടത്തിയ മൂന്നും നാലും സെമസ്റ്റർ എം.എസ്.സി ഓപ്പറേഷൻസ് റിസെർച്ച് ആന്റ് കംപ്യൂട്ടർ ആപ്ലിക്കേഷൻ (പി.ജി.സി.എസ്.എസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ നവംബർ 19 വരെ സ്വീകരിക്കും.

2016 ജൂലൈ മാസം നടത്തിയ ഒന്നാം സെമസ്റ്റർ എം.ഫിൽ ഫിസിക്സ് (സ്പെഷ്യൽ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്ക് നവംബർ 19 വരെ അപേക്ഷ സ്വീകരിക്കും.

## നഴ്സിങ് ലക്ചറർ ഒഴിവുകൾ
എം.ജി സർവ്വകലാശാലയുടെ പത്തനംതിട്ട ചുട്ടിപ്പാറയിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിങ് എജ്യൂക്കേഷനിലേക്ക് ഫുൾ ടൈം ഇന്റേണൽ ഗസ്റ്റ് ലക്ചറർമാരെ നിയമിക്കുന്നു. വിദ്യാഭ്യാസ യോഗ്യത എം.എസ്.സി നഴ്സിങ്. താൽപര്യമുള്ളവർ നവംബർ 17ന് രാവിലെ 10 മണിക്ക് സർട്ടിഫിക്കറ്റുകളുമായി പ്രിൻസിപ്പൽ മുമ്പാകെ വാക്ക് ഇൻ ഇന്റർവ്യൂവിനായി എത്തിച്ചേരണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0468–2323044.

## യു.ജി.സി നെറ്റ് പരീക്ഷാ പരിശീലനം
യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ മാനവിക വിഷയങ്ങൾക്കായി യു.ജി.സി നെറ്റ് (ജനറൽ പേപ്പർ) പരീക്ഷാ പരിശീലനം നവംബർ 12ന് ആരംഭിക്കുന്നു. ഏതാനും സീറ്റുകൾ ഒഴിവുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0481–2731025.

## മെറ്റീരിയൽ സയൻസസ് സെമിനാർ
എം.ജി സർവ്വകലാശാല അഡ്വാൻസ്ഡ് മോളിക്യൂലർ മെറ്റീരിയൽസ് റിസെർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ നവംബർ 18, 19 തീയതികളിൽ റീസെന്റ് അഡ്വാൻസസ് ഇൻ മെറ്റീരിയൽ സയൻസസ് എന്ന വിഷയത്തിൽ സെമിനാർ നടത്തും. പ്രൊ വൈസ് ചാൻസലർ ഡോ. ഷീന ഷുക്കൂർ ഉദ്ഘാടനം ചെയ്യുന്ന സെമിനാറിൽ രാജ്യത്തെ പ്രധാന ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുള്ള പ്രൊഫസർമാർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. കൂടുതൽ വിവരങ്ങൾക്ക് ഇമെയിൽ: ammrcmgu@gmail.com

## ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ ഭാരവാഹികൾ
എം.ജി സർവ്വകലാശാല 2016–17 വർഷത്തെ ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ ഭാരവാഹികളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ശ്യാംലാൽ എം.എസ് (ചെയർമാൻ), ഫാത്തിമ അർഷ്നാ ഇ (വൈസ് ചെയർമാൻ), അശേക് പി (ജനറൽ സെക്രട്ടറി), അരുൺ കെ. എം, വരുൺ വി. പി (കൗൺസിലർമാർ), വൈശാഖ് ആർ. കെ (മാഗസിൻ എഡിറ്റർ), വിഷ്ണുഗോപാൽ പി. ജി (ആർട്സ് ക്ലബ് സെക്രട്ടറി), അർച്ചന കെ. എം, വിജിഷ് വി. സി, അനീഷ് എ. വി, ജോർജ്കുട്ടി വർഗീസ്, എസ്. വരുൺ, ക്ലിൻസ് പി. ജോർജ്, ഋഷി ശങ്കർ, ശശിന സായ് ഒ കെ, ഫർസാന ഫാത്തിമ കെ. എം എന്നിവർ വിവിധ ഡിപ്പാർട്ട്മെന്റുകളുടെ പ്രതിനിധികളായും തെരഞ്ഞെടുക്കപ്പെട്ടു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**